**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2097 17.12.2012 - ൽ മറുപടിയ്ക്ക്

## കാസർഗോഡ് യുവാക്കൾ ആക്രമിക്കപ്പെട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 2012 നവംബറിൽ കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മധൂർ പഞ്ചായത്തിലെ കാളിയം കാടും, കാസർഗോഡ് മുനിസിപ്പാലി റ്റിയിലെ കോട്ടക്കണ്ണിയിലും നിര പരാധികളായ രണ്ട് യുവാക്കൾ മാരകമായി ആക്രമിക്കപ്പെടുകയും ശസ്ത്രക്രിയയ്ക്ക് വിധേയമാക്കപ്പെ ടുകയും ചെയ്ത സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്, എത്ര പേർക്കെതിരെ, ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തതെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രതികളിൽ എത്രപേരെ പിടികൂടി യിട്ടുണ്ട്; ഇനിയും എത്രപേരെ പിടികൂടാനായി ബാക്കിയുണ്ട്; | (ബി) ഉണ്ട്.<br><br>& (സി) (1) കാസർഗോഡ് പോലീസ് സ്റ്റേഷനിൽ Crime No. 1372/2012 u/s 341, 323, 324, 308 r/w 34 IPC ആയി ഒരു കേസ് 21.11.2012 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ 2 പ്രതി കൾ ഉള്ളതായി വെളിവായിട്ടുണ്ട്. ഇതിൽ ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരാളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.<br><br>(2) കാസർഗോഡ് പോലീസ് സ്റ്റേഷനിൽ Crime No. 1373/2012 u/s 324, 307 r/w 34 IPC ആയി ഒരു കേസ് 21.11.2012 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ പ്രതികളെ തിരിച്ചറിഞ്ഞി ട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) പ്രതിയെ പിടികൂടിയിട്ടില്ലെങ്കിൽ അതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) പ്രതികൾ ആരെന്ന് തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഒരു കേസിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ പ്രതികളെ തിരിച്ചറിയപ്പെട്ട ഒരു കേസിൽ ഒരാൾ ഒളിവിലാണ്. കേസുകളിൻമേൽ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ